
എഴുത്തോല
അറിവിന്റെ കിത്താബ്
ഗവൺമെന്റ് ടെക്നിക്കൽ
ഹൈസ്കൂൾ
കോഴിക്കോട്
little KITEs

little KITEs

# ലിറ്റിൽ കൈറ്റ്സ്

# ഡിജിറ്റൽ മാഗസിൻ

# 2018-19

## ഗവൺമെന്റ് ടെക്നിക്കൽ

## ഹൈസ്കൂൾ കോഴിക്കോട്

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION


## Massage from superintendent desk




ടെക്നിക്കൽഹൈസ്കൂള്കോഴിക്കോട് 1961 ൽ സാങ്കേതിക വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ പ്രവർത്തനമാരംഭിച്ചുതൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള പാഠ്യപദ്ധതിയാണ് ഇവിടെ നടപ്പാക്കിവരുന്നത്.
കേരള സർക്കാരിന്റെ പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുകയെന്ന പ്രഖ്യാപിത ലക്ഷത്തിന്റെ ഭാഗമായ ആദ്യത്തെ ടി എച്ച് എസ് എന്ന പദവിയും ഈ സ്ഥാപനത്തിന് ലഭിച്ചു.
സംസ്ഥാനത്തിലെ വിദ്യാലയങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഹൈടെക് ആകുമ്പോൾ സജ്ജമാക്കിയ നൂതന സംവിധാനങ്ങൾ പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ട പരിജ്ഞാനം നൽകുകയെന്ന ലക്ഷ്യം മുൻനിർത്തി ആരംഭിച്ച' ഹായ് സ്കൂൾ കുട്ടിക്കൂട്ടം' പദ്ധതിയുടെ ഒരു യൂണിറ്റ് ഈ സ്ഥാപനത്തിൽ വർഷാരംഭം മുതൽ പ്രവർത്തനമാരംഭിച്ചു. ഇന്നത് മികവിന്റെ നിറവിൽ എത്തിയിരിക്കുകയാണ്. ചെറിയ ചെറിയഗെയിമിംഗ് സോഫ്റ്റ്വെയറുകളിൽ നിന്ന് തുടങ്ങി ഇന്നിപ്പോൾ ഡിജിറ്റൽ മാഗസിൻ വരെ എത്തിയിരിക്കുന്നു. കൈറ്റ്സിൽ നിന്ന് ലഭിച്ച സാങ്കേതിക അറിവുകൾ സംഘടിപ്പിച്ച് നിർമ്മിച്ച ഈ ഡിജിറ്റൽ മാഗസിനിലൂടെ വിദ്യാർത്ഥികളുടെ സാങ്കേതിക അറിവിന് കൈറ്റ്സ് എത്രമാത്രം ഊന്നൽ നൽകിയിരിക്കുന്നു എന്നു നമുക്കു കാണാം. ഇനിയും പല പ്രവർത്തനങ്ങളും കൈറ്റ്സിന്റെ ഭാഗത്തുനിന്ന് ഈ സ്ഥാപനം പ്രതീക്ഷിക്കുന്നു......

**എന്ന് സൂപ്രണ്ട്**

**രാജേഷ് കെ.കെ**



FROM ENG.INSTRUCTOR DESK




'വിദ്യാധനം സർവ്വധനാൽ പ്രധാനം' എന്ന് ചൊല്ല് അറിവിന്റെ പരമോന്നതശക്തിയെ വിളിച്ചോതുന്നു.ഏതൊരു വ്യക്തിയുടെയും ജീവിതത്തിന്റെ സുഖ:ദുഖങ്ങളിൽ പങ്കുചേരുന്ന മഹാശിലയാണ് അറിവ്. വിജ്ഞാനം ഒരുവ്യക്തിയെ അവന്റെ ദുഖ:ങ്ങളെ തരണം ചെയ്യാൻ സഹായിക്കുന്നു.

ലിറ്റിൽ കൈറ്റ്സ്സ് ഇന്നത്തെ വിജ്ഞാനത്തിന്റെ പുരോഗതിയുടെ ഉത്തമ ഉദാഹരണമാണ്.പാഠ്യേതര വിശയങ്ങൾകപ്പുറം സകേതികവിജ്ഞാനത്തിലൂടെ വിദ്യാർത്ഥികളുടെ അറിവ് വർദ്ധിപ്പിക്കാൻ ഉതകുന്നതാണ് ഇത്തരം സംഭ്രമങ്ങൾ. 2018 ജൂൺ 22 ന് പ്രവർത്തനം ആരംഭിച്ച കൈറ്റ്സ് വിവര സാങ്കേതികരംഗത്ത് വിദ്യാർത്ഥികൾപ്രകടിപ്പിക്കുന്ന താൽപര്യങ്ങളെ പരിപോഷിപ്പിക്കുന്നതോടൊപ്പം സങ്കേതികവിദ്യയിലും സോഫ്റ്റ് വെയറുകളുടെ കൈകാര്യങ്ങളിലും പാലിക്കപ്പെടേണ്ട മൂല്യങ്ങളും,സംസ്കാരവും സൃഷ്ടിക്കപ്പെടുകയും വിവരവിനിമയ വിദ്യസങ്കേതങ്ങൾ അതിഗഹനമായി സ്വായത്തമാക്കുന്നതിനു വേണ്ട അവസരമൊരുക്കുന്നു

ചെറിയ ചെറിയ കംപ്യൂട്ടർ പ്രോഗ്രാമിൽ തുടങ്ങി ഡിജിറ്റൽ മാഗസിൻ എത്തിനിൽക്കുന്ന കൈറ്റ്സിന്റെ പ്രവർത്തനം ഇനിയും ഈ വിദ്യാഭ്യാസ സ്ഥാപനത്തിനു ആവശ്യമുണ്ട്.

**എന്ന്**

**ജഗനാഥൻ ട്ടി. കെ**



# ലിറ്റിൽ കൈറ്റ്സ്

**സംസ്ഥാനത്തിലെ വിദ്യാലയങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ Hi Tech ആകുമ്പോൾ സജ്ജമാക്കിയ നൂതന സംവിധാനങ്ങൾ പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ട പരിജ്ഞാനം നൽകുകയെന്ന ലക്ഷ്യം മുൻനിർത്തി ആരംഭിച്ച 'ഹായ് സ്കൂൾ കുട്ടിക്കൂട്ടം' പദ്ധതിയുടെ പരിഷ്കൃത രൂപമായി Little KITEs 2018 June 22 ന് സംസ്ഥാനതലത്തിൽ ആരംഭിക്കുകയുണ്ടായി. ഈ പദ്ധതിയുടെ ഒരു യൂണിറ്റ് ഈ സ്ഥാപനത്തിൽ വർഷാരംഭം മുതൽ പ്രവർത്തനമാരംഭിച്ചു.**

**വിവര സാങ്കേതികരംഗത്ത് വിദ്യാർത്ഥികൾ പ്രകടിപ്പിക്കുന്ന താൽപര്യങ്ങളെ പരിപോഷിപ്പിക്കുന്നതോടൊപ്പം സാങ്കേതിക വിദ്യയിലും സോഫ്റ്റ്‌വെയറുകളുടെ കൈകാര്യങ്ങളിലും പാലിക്കപ്പെടേണ്ട മൂല്യങ്ങളും, സംസ്കാരവും സൃഷ്ടിക്കപ്പെടുകയും വിവരവിനിമയ വിദ്യാസങ്കേതങ്ങൾ അതിഗഹനമായി സ്വായത്തമാക്കുന്നതിനു വേണ്ട അവസരമൊരുക്കൽ, വിദ്യാലയത്തിലെ സാങ്കേതിക ഉപകരണങ്ങളും കാര്യക്ഷമമായ ഉപയോഗവും നടത്തിപ്പ പരിപാലനവും, സുരക്ഷിതവും യുക്തവും മാന്യവുമായ ഇൻറർനെറ്റ് ഉപയോഗം, ഭാഷാ കമ്പ്യൂട്ടറിൻറെ പ്രധാന്യം സംഘപഠനത്തിന്റെയും സഹവർത്തിത പഠനത്തിന്റെയും അനുഭവങ്ങൾ പ്രദാനം ചെയ്യുക, പഠന പ്രൊജക്റ്റ് പ്രവർത്തനങ്ങൾക്കുള്ള മേഖലകൾ കണ്ടെത്തി ഗവേഷണപ്രവർത്തനങ്ങൾ ചെയ്യാനുള്ള താൽപര്യം ജനിപ്പിക്കൽ തുടങ്ങി നാനാമുഖ ഉദ്ദേശലക്ഷ്യങ്ങൾ അടങ്ങിയതാണ് littile kites പ്രവർത്തനങ്ങൾ.**

# Littile Kites Mistress



**smt.sulochana koyiloth**



**smt.smitha.p**



# സ്കൂളിനെ കുറിച്ച്

ടെക്നിക്കൽ ഹൈസ്കൂൾ, കോഴിക്കോട് 1961 ൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തനമാരംഭിച്ചു. 1982 വരെ പോളിടെക്നിക്ക് പ്രിൻസിപ്പലിന്റെ കീഴിലായിരുന്നു ഈ സ്ഥാപനം . അതിനുശേഷം ഓഫീസ് ഇപ്പോഴത്തെ കെട്ടിടത്തിലേക്ക് മാറ്റി ഒരു സൂപ്രണ്ടിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ കീഴിലാക്കി.തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള പാഠ്യപദ്ധതിയാണ് ഇവിടെ നടപ്പാക്കിവരുന്നത്.

ഏഴാം തരം അടിസ്ഥാനയോഗ്യതയുള്ള വിദ്യാർത്ഥികളെ സംസ്ഥാനതലത്തിൽ നടത്തുന്ന മത്സര പരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് എട്ടാം തരത്തിലേക് തിരഞ്ഞെടുക്കുന്നത്.പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സ്കൂളുകളിലെ ബയോളജി, ഹിന്ദി എന്നീ വിഷയങ്ങൾ ഒഴികെ ബാക്കി എല്ലാ വിഷയങ്ങളും ടെക്നിക്കൽ ഹൈസ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എട്ടാം തരത്തിലെ വാർഷിക പരീക്ഷയിലെ പ്രകടനത്തെ അടിസ്ഥാനമാക്കി വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ചുള്ള ട്രേഡിൽ തുടർ വർഷങ്ങളിൽ വിദഗ്ധ പരിശീലനം നൽകുന്നതാണ്. ടി.എച്ച്.എസ്.കോഴിക്കോടിൽ അനുവദിക്കപ്പെട്ട ട്രേഡുകളുടെ വിവരങ്ങൾ താഴെ നൽകുന്നു.

1. ഫിറ്റിംഗ്.
2. വെൽഡിഗ്.
3. ടർണിംഗ്.
4. ഇലക്ട്രിക്കൽ വയറിംഗ് ആന്റ് മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസ്.
5. റഫ്രിജറേഷൻ ആന്റ് എയർകണ്ടീഷനിംഗ്.
6. മെയിന്റനൻസ് ഒഫ് ടൂ വീലർ ആന്റ് ത്രീ വീലർ.

ഇതുകൂടാതെ 2013-14 അദ്ധ്യായനവർഷം തൊട്ട് എൻ.എസ്.ക്യൂ.എഫ്.(നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക്) എന്ന നൂതന സാങ്കേതിക സമ്പ്രദായത്തിൽ ലെവൽ 1, ലെവൽ 2 എന്നീ വിഭാഗങ്ങളിലായി യഥാക്രമം 9,10 ക്ലാസ്സുകളിൽ സർട്ടിഫിക്കറ്റുകൾ നൽകിവരുന്നു.THS കോഴിക്കോടിൽ ലഭ്യമായ NSQF ട്രേഡുകൾ ഇവയാണ്.

1. ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്
2. പ്രൊഡക്റ്റ് ആൻഡ് മാനുഫാക്ചറിംഗ്
3. ഓട്ടോമൊബൈൽ
4. എയർകണ്ടീഷനിംഗ്
5. റഫ്രിജറേഷൻ ആന്റ് മെയിന്റനൻസ്

2013-14 അദ്ധ്യായന വർഷം മുതൽ പ്രവേശനം ലഭിച്ചവരുടെ പഠനമാധ്യമം ഇംഗ്ലീഷ് ആക്കിയിട്ടുണ്ട്. കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ നൈപുണ്യം മെച്ചപ്പെടുത്തുന്നതിനായി 8,9 ക്ലാസുകളിൽ എൻടി യുവർ ഇംഗ്ലീഷ് എന്ന കോഴ്സ് കൂടി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.THSLC സർട്ടിഫിക്കറ്റ് SSLC സർട്ടിഫിക്കറ്റിൽ തുല്യമാണെന്ന് പുറമേ പോളിടെക്നിക്കുകളിൽ അഡ്മിഷനായി 10% സംവരണവും ലഭ്യമാണ്. കൂടാതെ ഐ.ടി.ഐ അടിസ്ഥാന യോഗ്യതയുള്ള തസ്തികകളിൽ THSLC കഴിഞ്ഞവരെയും പി.എസ്.സി പരിഗണിക്കുന്നതാണ്.



# എഡിറ്റോറിയൽ ബോക്സ്



ജിഷ്ണു.ഇ.സി

**ചീഫ് എഡിറ്റർ**




ഹിദുദാസ് .പി.പി

**എഡിറ്റർ**



അഖിൻ പ്രവീൺ എ.കെ

**എഡിറ്റർ**



അഭിനവ്.എസ്

**എഡിറ്റർ**



അശ്വിൻ . എം

**എഡിറ്റർ**

# ഉള്ളടക്കം


| SI NO | പേര് | വിവരണങ്ങൾ |
|---|---|---|
| 1 | പ്രിയ പ്രമോദ് | ദാഹം |
| 2 | അശ്വിൻ .എം | സ്നേഹ രൂപം |
| 3 | ആർദ്ര | വർണ്ണരാജി |
| 4 | അമയ് സോജ് | മായുന്ന രാത്രി |
| 5 | അഭിനവ്.എസ് | മഴവില്ല് |
| 6 | അശ്വിൻ . എം | ബാലവേല |
| 7 | നജാ ഫാത്തിമ | നിശബ്ദമായ ക്യാമ്പസ് |
| 8 | ഹിദ്ദുദാസ് .പി.പി | ദൈവം |
| 9 | ഹിദ്ദുദാസ് .പി.പി | ചിത്ര രചന(ഡിജിറ്റൽ) |
| 10 | രാഹുൽ | ചിത്ര രചന(പെൻസിൽ) |
| 11 | ജിഷ്ണ.ഇ.സി | ഓർമച്ചെപ്പ് |
| 12 | ദീപ്തി | ആർത്തഗർഭം |
| 13 | അഖിൻ പ്രവീൺ എ.കെ | ചിത്ര രചന(ഡിജിറ്റൽ) |
| 14 | രാഹുൽ | ചിത്ര രചന(പെൻസിൽ) |
| 15 | അഭിനവ്.എസ് | ചക്കവിശേഷം |
| 16 | ജിഷ്ണ ഇ.സി | ചീത്ത ശിഷ്യനും നല്ല ഗുരുവും |
| 17 | അബിൽ കാർത്തിക് . ബി | ചിത്ര രചന (പെൻസിൽ) |
| 18 | ഹിദ്ദുദാസ് .പി.പി | ചിത്ര രചന (ജലച്ഛായം) |

| | | |
|---|---|---|
| 19 | അഭിനവ്.എസ് | പോസ്റ്റർ |
| 20 | അഖിൻ പ്രവീൺ എ.കെ | ചിത്ര രചന (പെൻസിൽ) |
| 21 | ഹിദ്ദദാസ് .പി.പി | ചിത്ര രചന(ജലച്ഛായം) |
| 22 | അഭിനവ് . എസ് | ഭ്രമിതൻ നോവ് |
| 23 | അബിൽ കാർത്തിക് . ബി | ഏഴു വർണ്ണങ്ങളുടെ കുട |
| 24 | അഖിൻ പ്രവീൺ എ.കെ | ചിത്ര രചന<br>(പെൻസിൽ) |
| 25 | ഹിദ്ദദാസ് .പി.പി | ചിത്ര രചന(ജലച്ചായം) |
| 26 | ജിഷ്ണ ഇ.സി | ജീവനുള്ള ശില്പം |
| 27 | അഭിനവ്.എസ് | പുതുവൽസരാശംസകൾ |
| 28 | അബിൽ കാർത്തിക് . ബി | എന്റെ കൽക്കത്ത യാത്ര |
| 29 | അഭിലാൽ . വി | കറുത്ത രാത്രി നിലാവിന്റരാത്രി |
| 30 | ഹിദ്ദദാസ് .പി.പി | എസ്. എൽ. വി. |
| 31 | ജിഷ്ണ ഇ.സി | എ.പി.ജെ. അബ്ദുൽ കലാം |
| 32 | അഖിൻ പ്രവീൺ എ.കെ | സ്റ്റീഫൻ ഹോക്കിങ് |
| 33 | അശ്വിൻ . എം | സോഫിയ (റോബോട്ട്) |
| 34 | പ്രിയ പ്രമോദ് | ജീവിതയാത്ര |
| 35 | ജിഷ്ണ ഇ.സി | ചിത്ര രചന(ഡിജിറ്റൽ) |

# ദാഹം

അന്ന്....
തിമിർത്തു പെയ്ത
മഴയിൽ
നിറഞ്ഞു തുളുമ്പിയനിന്നെ
ഉള്ളംകയ്യാൽ
കോരിയെടുത്തു
ദാഹം തീർത്തിരുന്ന ഞാൻ
ഇന്നോ???!!!
വെയിലുപെയ്യുന്ന
മഴക്കാലത്ത്
ഓരോപടവിറങ്ങി
തിരിച്ചുപോകുന്നനിന്നെനോക്കി
ഞാൻ ഇരിക്കാറുണ്ട്.
കടൽ കുടിച്ച്
വറ്റിക്കാനുള്ള ദാഹവുമായി
നീപോയ വഴിയിലെ
നനവിലൂടെ
ഞാനും....
നിന്നെ തിരഞ്ഞ്
അദൃശ്യങ്ങളിലേയ്ക്ക്



പ്രിയ പ്രമോദ്
അദ്ധ്യാപിക

# സ്നേഹ രൂപം

പൊള്ളുന്ന വെയിലേറ്റ്
തണലേകിയ വൃക്ഷം
ഒരു നോട്ടംകൊണ്ട് ശാസിക്കും എങ്കിലും
ലാളന അച്ഛൻ ദാനധർമ്മം
പരാതികൾ ഇല്ലാത്ത ഉയിര് വിയർ
ബാക്കി പുറമേ ചിരിച്ചും മനുഷ്യൻ
താൻ തോറ്റ് ജീവിതവഴികളിൽ തൻ
മക്കളെ ജനിപ്പിക്കും വാശിയാണ് അച്ഛൻ
വിയർപ്പിന് എൻറെ ഉപ്പ കൊണ്ട് നമ്മുടെ
നമ്മളുടെ ജീവിതം മധുരമാക്കും അച്ഛൻ
എൻറെ അച്ഛൻ തൻ എൻ അദ്ധ്യാപകൻ
ഏറ്റവും ഉപരിയായി എൻ ദൈവം.



അശ്വിൻ .എം

**IX . A**

# വർണ്ണരാജി

മാനത്തു വിരിയുന്ന ഏഴു വർണ്ണം
മനസിനെ നിറമണിയും ഏഴു വർണ്ണം
പ്രകൃതിയുടെ പക്കലിൽ ദൈവം
കരിഞ്ഞൊരു അനശ്വരലയമായി മഴവില്ല്
നമ്മുടെ മനസ്സിലെ വിലാപത്തെ
അകറ്റുന്നവനാണ് മഴവില്ലിൻ
മഴയുടെ കൂട്ടുകാരനാണിവൻ
ആരേയും സന്തോഷിപ്പിക്കാൻ
ഒരു മടിയുമില്ലാത്തവൻ
മാനത്ത് വിരിയുന്ന വർണമേ
നിന്നെ കാണാൻ എന്തൊരു ചേല്.




ആർദ്ര

**IX A**

# മായുന്ന രാത്രി

ഇരുട്ടിൻറെ പ്രപഞ്ചം തുറന്നവൻ
ചുറ്റും നിശ്ചലമായി തീർന്നു
ഭൂമിയിലെ എല്ലാ ജീവജാലങ്ങളും
മൗനം പ്രാപിച്ചിരുന്നു
ചെടികളെ ഇളംകാറ്റ് തലോടിക്കൊണ്ട് ഇരിക്കുന്നു
ചുറ്റും നിശ്ശബ്ദത നിറച്ചു കൊണ്ടവൻ വന്നെത്തി
എത്ര സുന്ദരമീ രാത്രി
അമ്മയുടെ തലോടൽ പോലെ കുളിരുള്ള രാത്രി
ഇത്രയും നിശ്ചലമായ പ്രപഞ്ചത്തിൽ
പുഞ്ചിരിതൂകിക്കൊണ്ട് നക്ഷത്രങ്ങൾ നമ്മെ
നോക്കി ചിരിക്കുന്നു
അവ അഖില മാം സ്നേഹം പ്രതിനിധിയല്ലേ
രാവിൻറെ മാറിൽ തലോടുവാൻ രാപ്പാടി യായി
അവൻ വന്നു. ഇരുട്ടിൻറെ ദൈവം വാനു
ഭൂമിക്ക് ആശ്വാസമേകി അവൻ വന്നെത്തി
ഇവൻ എന്നും ഭൂമി വന്നെത്തുന്നു
എന്നാൽ ഇവൻ ഒരു ദിവസവും വരാതിരിക്കില്ല
ഇവൻ അല്ലെങ്കിൽ ഈ പ്രപഞ്ചം എന്തായിതീരും
ഇതെല്ലാം പ്രകൃതി എന്ന് സത്യത്തിന് മായാജാലം അല്ലേ
ആ പ്രകൃതി കണക്ക പ്രമാണം പ്രമാണം.





അമയ് സോജ്
X-A




# മഴവില്ല്

ആകാശദേശത്ത് വില്ലുകുലച്ചപോൽ !
ശോഭയാർന്നുള്ളൊരു മാരിവില്ലേ
ആരു നല്കി? നിനക്കീയേഴ് വർണ്ണങ്ങൾ!
കൗതുക മുണ്ടാർക്കും കണ്ടിടുമ്പോൾ


അക്കരെയുള്ളൊരു സൂര്യകിരണങ്ങൾ
ഇക്കരെയുള്ള കണികാജാലങ്ങൾ
തട്ടിടും നേരത്ത് വ്യതിയാനകരണം
കാണും പ്രതിഭാസമാണിതല്ലോ.

അല്ലയൊരിക്കലും സത്യമായുള്ളൊരു
വില്ലല്ല ഞാനെന്നതോർത്തു കൊൾക.
എന്നെയും തേടിയിങ്ങെത്തിയാലാർക്കുമേ
കിട്ടില്ലൊരിക്കലും കാണുവാനായ്

ആയതൊന്നോർക്കുക മിഥ്യയാണെന്നെന്നും
സത്യമല്ല. ഞാനെന്നതോർത്തിടുക
സൂര്യ വെളിച്ചവും, വെള്ളവും കൂടിയ
"മായാജാല" മാണെന്റെ രൂപം.



**അഭിനവ്.എസ്**
**IX-B**



# ബാലവേല

ഇന്നത്തെ പത്രവാർത്തകളിലും പൊതു മാധ്യമങ്ങളിലും നിറഞ്ഞുനിൽക്കുന്ന ഒരു വിഷയമാണ് ബാലവേല . ബാലവേല എന്നതിലൂടെ ആ സമൂഹത്തിന്റെ സംസ്കാരം എത്രത്തോളമുണ്ടെന്ന് നമുക്കു മനസ്സിലാക്കാം .

പിഞ്ചുകുഞ്ഞുങ്ങളെ പോലും പണത്തിനുവേണ്ടി പണിയെടുക്കാൻ വിടുന്ന രക്ഷകർത്താക്കൾ ഇന്നത്തെ സമൂഹത്തിൽ നമുക്ക് കാണാൻ സാധിക്കും . പഠിച്ചും കളിച്ചും വളരേണ്ട ബാല്യകാലം അധ്വാനത്തിലൂടെ നഷ്ടപ്പെടുന്ന എത്രയോ കുട്ടികൾ നമ്മുടെ ചുറ്റും കാണാം .

മനുഷ്യത്വത്തിന്റെ വിശാല ഭൂമികയിൽ മനുഷ്യബന്ധങ്ങളുടെ ശൈഥില്യത്തിനു ഈ പ്രവർത്തിയിലൂടെ നമുക്ക് കാണാൻ സാധിക്കും . ചെറിയ കുട്ടികളെ വേദനിപ്പിക്കുന്നതിൽ പോലും ആനന്ദം കണ്ടെത്തുന്നവർ ഈ നാടിന് ശാപമായി തിരിയുകയാണ് . പണത്തിനോടുള്ള അത്യാഗ്രഹം മനുഷ്യരെ അന്തരാക്കിയിരിക്കുന്നു ഒരു ജീവനേക്കാൾ അധികം പ്രാധാന്യം അവർ പണത്തിനു സമ്പത്തിനും നൽകുന്നു .

അധ്വാനത്താൽ വിശപ്പിനാൽ മരിച്ചുവീഴുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞു വരേണ്ടത് അത്യാവശ്യമാണ് . അതിനു വേണ്ടി ശിക്ഷാ നിർമ്മാണവും ബോധവൽക്കരണവും നടക്കേണ്ടതാണ് . ഇപ്പോഴുള്ള നിയമങ്ങൾ കൂടുതൽ ശക്തമാക്കണം ഏറ്റവുംഉപരി ബാലവേലക്ക് പ്രേരിപ്പിക്കുന്ന വ്യക്തിത്വത്തിന് നാശം ഉണ്ടാവണം . ഇതിനായി നമുക്കൊന്നിച്ച് കൈകോർക്കാം . വളർന്നുവരുന്ന തലമുറയുടെ ഐക്യത്തിനും സമാധാനത്തിനും ഏറ്റവും ഉപരി വ്യക്തിത്വത്തിനും ഇത് അത്യാവശ്യമാണ് .



**അശ്വിൻ . എം**

**IX-A**



# നിശബ്ദമായ ക്യാമ്പസ്

നിറയെ പച്ചപ്പിനാൽ നിറഞ്ഞ ക്യാമ്പസ്
പഴക്കംചെന്ന കെട്ടിടങ്ങൾ. ഇളം മഞ്ഞയും കടും മഞ്ഞയും
പച്ചയിൽ ലയിച്ചത് പോലെ. ഉദിച്ചു പൊങ്ങിയ സൂര്യനും അവളുടെ
ലോകവും ഒന്നാവുന്നതായ് അവൾക്കു തോന്നി വീണ്ടുമെത്തുന്നു.
അവളുടെ ഓരോ ചുവടുവെപ്പിലും ലോകം ഒന്നിലേക്ക് ചേർന്ന്
കൊണ്ടിരുന്നു. നിശബ്ദമായ ക്ലാസ് മുറികൾ. കുറച്ചുനേരം
കുടികഴിഞ്ഞാൽ കലപിലകൂട്ടുന്ന ചിതലകിളിയുടെ കൂട്ടത്തിൽ താൻ
മുങ്ങിത്താഴും അവളോർത്തു.
പക്ഷേ അന്നും ഒരാൾ നേരത്തെ എത്തിയിരുന്നു. അവൻറെ
കൈപ്പിടിയിലെ പേന അന്നും ചലിച്ചു കൊണ്ടേയിരുന്നു .
അവൾക്ക് എല്ലാവരും കൂട്ടുകാരായിരുന്നു . പക്ഷേ അവൾ
എല്ലാവരുടെ എടുത്തും നിശബ്ദരയായിരുന്നു . അവർ എന്താണ്
ചെയ്യുന്നതെന്ന് അവൾക്ക് തീർച്ചയില്ല അക്ഷര.
എഴുതുകയാണോ? ചെറുകിട മലയാളം മറ്റൊ ആവും. നിശബ്ദമായ
രണ്ടുപേർക്കും ആരേയും അറിയുകയുമില്ല. അവൾ നിശബ്ദയായ
വർണകിയും അവൻ ആരാണെന്നും അവൾക്കുമറിയില്ല.തന്റെ
എഴുത്തിനേയും പ്രസംഗത്തേയും അടിച്ചമർത്തിയപോലെ.....

അവന്റേന്തെങ്കിലും ..........?ആരെങ്കിലും?അവളുടെ കണ്ണുകൾ കലങ്ങിഒഴുകി.അവൾ തന്റെ എഴുത്തിനേയും വാക്യഭംഗിയേയും സ്മരിച്ചു. പിന്നെയും നാളുകൾ പച്ചയിലും ഇളം മഞ്ഞയിലും ലയിച്ചുപോയി. അവൾ പച്ചനിറഞ്ഞ ആ ക്യാമ്പസ് വർണിക്കുമ്പോൾ.അവൻ ആ ക്യാമ്പസ് തന്റെ പേപ്പറിലേക്ക് പകർത്തുകയായിരുന്നു .മഞ്ഞയിലും പച്ചയിലുമി അവരുടെ സ്കൂൾ ജീവിതം പരന്നൊഴുകി. ഒരിക്കലും ആരും അവരുടെ പേപ്പറുക്കൾ കണ്ടില്ല . ജീവിതവും നിശബ്ദമായ എഴുത്തിലും വരയിലും ഒഴുകി കൊണ്ടിരുന്നു .



**നജാ ഫാത്തിമ**

**VIII-A**

# ദൈവം

"മാതാ.....പിതാ.....ഗുരു.....ദൈവം"
വാക്കുകളിലൂടെ ലോകം കാണിച്ചു
പിന്നെ കൈപിടിച്ചാകാലം കാണിച്ചു
ജീവിതവിജയസ്വപ്നം കാണിച്ചു
പരിശ്രമിക്കാനായ് ധൈര്യം നൽകി
അകലാനനുവദിക്കാതെ
കൈപിടിച്ചരികത്ത് നിർത്തി
മാലാഖമാരായ് ജീവിതം തന്നു
ജീവിതം അനുഗ്രഹിച്ച ദേവതമാർ
എന്നും ഗുരുവായ് കൂടെ നിന്നു
സ്നേഹം അതിന്നും അമൂല്യമായ്
ഇന്നും ജീവിതം അമൂല്യമാക്കിയ നിങ്ങൾ
തന്നെയാണെന്നുമെന്റെ ദൈവം





ഹിദ്ദുദാസ് .പി.പി

**IX-A**





ഹിദ്രദാസ് .പി.പി

IX-A






രാഹുൽ

*IX-B*

# ഓർമചെപ്പ്

സ്നേഹത്തിൻ നറുതേൻ,
ഉള്ളിലൊളിപ്പിച്ചപ്പോൾ, ആർദ്രമായതും
കാറ്റിൻ കൈയിലും സ്നേഹത്തിൻ
ഗന്ധമായിരുന്നു.

അശാന്തിതൻ കേദാരമായിന്നു
കാലപ്രവാഹത്തിലെവിടെയോ
സൗധങ്ങൾ പണിത മരണം
വിളക്കെടുക്കുമ്പോൾ അതിന്റെ
തേങ്ങൽ നാം അറിയാതെ പോകുന്നു.

നേർവരയിൽ പൂക്കുമ്പോഴും
വളച്ചെടുക്കാൻ പാടുപെടുന്ന
കഴുകൻ കണ്ണുകൾ ചുറ്റിലും
വട്ടമിട്ട് പറക്കുന്നുണ്ടല്ലോ

വേനലിൽ കുളിരേകും വാകവൃക്ഷം പോൽ,
തണലായി പോകാൻ ശുഭമംഗളത്തിൽ
മിന്നിതിളങ്ങുന്ന സൂര്യ തേജസ്സായ്.
അണയാത്ത നിന്നോർമകൾ,
അത്രമേൽ മധുമയം നിലക്കാതെ
പടരുന്നു ആഴിതൻ തരികൾ പോൽ.



ജിഷ്ണു.ഇ.സി


IX B



# ആർത്ഥഗർഭം

ആകാശം കവിതയോട് ചോദിച്ചു
മുകിലെവിടെ?
ഭൂമി മുകിലിനോട് ചോദിച്ചു
മഴയെവിടെ?
മരം മണ്ണിനോട് ചോദിച്ചു
ജലമെവിടെ?
വേരുകൾ വായുവിനോട് ചോദിച്ചു
മണ്ണെവിടെ?
വിത്തുകൾ ചെടിയോട് ചോദിച്ചു
കാറ്റെവിടെ?
പൂമ്പാറ്റ പൂവിനോട് ചോദിച്ചു
തേനെവിടെ?
കുഞ്ഞ് അച്ഛനോട് ചോദിച്ചു
അമ്മ എവിടെ?
അവൻ അവളോട് ചോദിച്ചു
മനസ്സെവിടെ?
മനസ്സ് ശരീരത്തോട് ചോദിച്ചു
സ്നേഹമെവിടെ?
അർത്ഥഗർഭമായ മൗനങ്ങൾ
സൗരജാലകളേറ്റ് വീഴവേ
ആറ്റിലെ ചത്തമീനുകളായി
എങ്ങും പാറിനടന്നു.





ദീപ്തി
അധ്യാപിക






അഖിൻ പ്രവീൺ എ.കെ

IX-B





രാഹുൽ

***IX-B***

# ചക്കവിശേഷം

ചക്കയെന്നുള്ളത് കേൾക്കുന്ന നേരത്ത്
നെറ്റി ചുളിയ്ക്കുന്നോരോർത്തിടുക
ചക്കതൻ പോഷക ഗുണമെന്നറിയുകിൽ
ചക്ക മതിയെന്ന് ചൊല്ലിയേക്കാം.

ചക്കക്കുരുവിലും, ചുളയിലും, മാത്ര-
മതല്ല ഗുണമെന്നറിഞ്ഞു കൊൾക
ചക്കതൻ മടലിലും, കൂഞ്ഞിലും ചെവിഞ്ഞി
യതിൽ പോലുമുണ്ടല്ലോ, പോഷകങ്ങൾ!

ചക്കകൊണ്ടുണ്ടാക്കു മെത്ര വിഭവങ്ങ -
ളെന്നതൊന്നാർക്കു മറിവതില്ല
എങ്കിലുമല്പം ചിലതിന്റെ പേരിക -
ളീ വഴിയൊന്നു ഞാൻ ചൊല്ലിടട്ടെ.




മൂപ്പു കുറഞ്ഞ കുരുന്നു ചക്ക കൊണ്ട്
ഇടിച്ചക്കയൊന്നതങ്ങുണ്ടാക്കിയാൽ
ആയതുകൂട്ടി നാമുണ്ണുന്ന ചോറെത്ര
യെന്നത് പള്ളയറിയുകില്ല.

മൂത്ത ചക്കയത് കുരുൾ മാത്രം ചെത്തി
മടലും. ചൂളയും, കുരുവും ചേർത്തി-
ട്ടുപ്പിട്ടു പുഴുങ്ങി വേവിച്ചതിൻ ശേഷ-
മതിൽ ചേർക്കണം പിന്നെ മസാലയത്.

തേങ്ങയും, മുളകും, മഞ്ഞളുമുള്ളിയും,
പെരുംജീരകവും പിന്നേ വെള്ളുള്ളിയു-
മൊതുക്കി ചേർത്തിട്ടങ്ങ് കറിവേപ്പിലയിട്ടു
കടുകിട്ട്, വറവിട്ടിളക്കി ചേർക്കൂ.

ഇങ്ങനെ കിട്ടുന്ന ചക്കപ്പുഴക്കത്
കഞ്ഞിയും കൂട്ടിഭ്രജിച്ചിട്ടുകി-
ലെത്ര വലിയൊരു വയറും നിറച്ചിടാ -
മെന്നതു കൂടി നാമോർത്തു കൊൾക.



അഭിനവ്.എസ്

*IX-B*


# ചീത്ത ശിഷ്യനും നല്ല ഗുരുവും


ഒരിക്കൽ ഒരു ഗുരു ഇരുപതു പേരെ വിദ്യ പഠിപ്പിച്ചിരുന്നു. എന്നാൽ അതിൽ ഒരുവൻ ചീത്ത ആയിരുന്നു. അവന്റെ പേര് കേശവൻ എന്നായിരുന്നു. അവൻ ഗുരുവിനെ അനുസരിക്കില്ല. സഹപാഠികളെ ചീത്തപറയും. ഇടയ്ക്ക് അവൻ അവരെ തല്ലുകയുമായിരുന്നു. മറ്റ് പത്തൊമ്പത് ശിഷ്യന്മാരും കേശവനെ കുറിച്ച് ഗുരുവിനോട് പരാതി പറഞ്ഞു. എന്നിട്ടും ഗുരു അവനെ ശിക്ഷിച്ചില്ല. കേശവൻ അവന്റെ ഉപദ്രവങ്ങൾ തുടർന്നു. ഗതികെട്ട മറ്റു ശിഷ്യന്മാർ കേശവനെ പുറത്താക്കിയാൽ മാത്രമേ ഇനി ഇവിടെ പഠനം തുടരു എന്ന് ഗുരുവിനോട് ചെന്നു പറഞ്ഞു. കേശവൻ ശുദ്ധനാണ്. അവൻ താൻ ചെയ്യുന്ന കാര്യങ്ങൾ തെറ്റാണെന്നു മനസ്സിലാക്കിയിട്ടല്ല ചെയ്യുന്നത. അതിനാൽ ഞാൻ അവനെ ഇവിടെനിന്ന് പുറത്താക്കില്ല എന്ന് ഗുരു മറ്റ് ശിഷ്യന്മാരോട് പറഞ്ഞു. അവർ സങ്കടത്തോടെ തിരിച്ചുപോയി. അവരിൽ ചിലർ ചെന്ന് കേശവനോട് ഉണ്ടായ സംഗതി എല്ലാം പറഞ്ഞു ഇത് കേട്ടപ്പോൾ കേശവന് അവന്റെ തെറ്റുകൾ മനസ്സിലായി. അവന് സങ്കടം വന്നു കരഞ്ഞുപോയി. അവൻ ചെന്നു ഗുരുവിനോട് തൻറെ തെറ്റുകൾ സമ്മതിച്ചു. പിന്നെ ആരെയും ഉപദ്രവിക്കില്ലെന്ന് ഗുരുവിനു വാക്കുകൊടുത്തു അന്നുമുതൽ അവൻ ഗുരുവിനെ അനുസരിച്ചും സഹപാഠികളെ സഹായിച്ചും കഴിഞ്ഞുകൂടി. അങ്ങനെ ആ ചീത്ത ശിഷ്യനെ നല്ല ഗുരു നല്ലവനാക്കി മാറ്റി. ഇതിലെ ഗുണപാഠം "തീരെ ചീത്തയായ ആൾക്കാരെ പോലും നല്ല പെരുമാറ്റത്തിലൂടെ നമുക്ക് നന്നാക്കിയെടുക്കാൻ പറ്റും".



ജിഷ്ണു ഇ.സി


**IX-B**



അബിൽ കാർത്തിക് . ബി

**IX . A**







ഹിദുദാസ് .പി.പി

**IX-A**



അഭിനവ്.എസ്

**IX-A**






അഖിൻ പ്രവീൺ എ.കെ

IX-B





ഹിദുദാസ് .പി.പി

IX-A

# ഭൂമിതൻ നോവ്

മുടിയിഴകളെ തഴുകുന്ന ചൂടുകാറ്റിനും
നീ സമ്മാനിച്ച രക്തഗന്ധമാണ്.
കരിഞ്ഞുണങ്ങളെ നീ ദർശിക്കൂ,
അവയെല്ലാം നിൻ മുത്തുമണികൾക്കായി കാതോർക്കുന്നിതാ.


അല്ലയോ മേഘമേ,മുൻ ജന്മപാപം പോൽ-
നീ സഹിക്കുന്ന നോവ് ഭൂമിയെ വറ്റിവരണ്ടതാക്കുന്നു.
ഒരു തുള്ളി ജലത്തിനായി ജീവതങ്ങൾ കേഴുമ്പോൾ
നീയൊരു വന്ധ്യവനിതയെ പോൽ വിതുമ്പുന്നു.

നീയൊരു തുള്ളി വർഷിക്കുകിൽ
മണ്ണിൽ ഒരു പുഷ്പം വിടരും
നിശതൻ കാർനിറമണിഞ്ഞ മേഘമേ.......
കേൾക്കുവിൻ നിനക്കായുള്ള രോദനം

രൗദ്രമാം വിങ്ങും
അസ്വസ്ഥമാമെൻ മാനസമേ
ഇരുളണയുന്ന നേരത്തും നീയൊരു
നോവു മാത്രമായ് നിറയുന്നു.


വന്ധ്യമേഘത്തിൽ വേദന ശ്രവിക്കുന്നവൻ
ദേവാ, നിൻ പുത്രർക്കിനേത്ര ജന്മം വേണം?

ഒരു കാറ്റിനൊപ്പം നീയില്ലാതാകുമെന്ന സത്യ
ത്തെയിതാ ഞാനയറിയുന്നു.




അഭിനവ് . എസ്
IX.B

# ഏഴു വർണ്ണങ്ങളുടെ കുട




ആരു ഈ പാരിനെ വർണ്ണക്കുട ചൂടിച്ച്
ഈ ഏഴു നിറമുള്ള  മഴവില്ല്
കുളിർമയേകി ശോഭിചീടും
വർണ്ണനിറമുള്ള മഴവില്ല്
മഴയുടെ മറവിൽ ഒളിഞ്ഞുകിടക്കുന്നതും-
മഴ മറഞ്ഞാൽ വെളിച്ചത്തിൽ വന്നതും
മനസ്സിനു ആനന്ദഭരിതം ആക്കുന്നതും ആയ
മഴവില്ല്.




അബിൽ കാർത്തിക് . ബി


IX . A





അഖിൻ പ്രവീൺ എ.കെ
IX-B





ഹിദുദാസ് .പി.പി

IX-A

# ജീവനുള്ള ശില്പം

കളിമണ്ണുകൊണ്ട് ശില്പങ്ങളുണ്ടാക്കാൻ മിടുമിടുക്കനാണ് രാംലാൽ. രാംലാൽ ഉണ്ടാക്കിയ ശില്പങ്ങൾ വാങ്ങാൻ ദൂരെ നിന്നുപോലും ആളുകൾ വരാറുണ്ട്. രാംലാലിന്റെ കഴിവിനെപ്പറ്റി ആ രാജ്യത്തെ രാജാവ് കേട്ടു. മഹാ ദുഷ്ടനായിരുന്ന രാജാവ്. മറ്റുള്ളവരെ കളിയാക്കാനും ഉപദ്രവിക്കാനും ഒരു മടിയുമില്ലാത്ത ആൾ! രാംലാലിനെ വിളിച്ചുവരുത്തി രാജാവ് പറഞ്ഞു "നീ നമുക്ക് ഒരു ശിൽപം ഉണ്ടാക്കിത്തരണം-ജീവനുള്ള ശില്പം! ശിൽപ്പത്തിൽ ജീവനില്ലെങ്കിൽ നിനക്ക് വധശിക്ഷ കിട്ടും"അതുകേട്ട് രാംലാൽ ഞെട്ടിപ്പോയി. തന്നെ കുടുക്കാനാണ് രാജാവിന്റെ നീക്കം. എങ്ങനെ ഈ പ്രശ്നത്തിൽ നിന്നും രക്ഷപ്പെടും?അന്നുമുഴുവൻ രാംലാൽ അതാണ് ആലോചിച്ചത്.ഒടുവിൽ അയാൾക്ക് ഒരു സൂത്രം കിട്ടി.പിറ്റേന്നുതന്നെ അയാൾ കളിമണ്ണുകൊണ്ട് പടുകൂറ്റനൊരു പാത്രംമുണ്ടാക്കി വലിയൊരു മുറിയോളം വലുപ്പമുള്ള ഒരു പാത്രം!എന്നിട്ടോ?അതു കുതിരവണ്ടിയിൽ കയറ്റി കൊട്ടാരമുറ്റത്തെത്തിച്ചു. അതിനുശേഷം രാംലാൽ രാജാവിനെ കണ്ടു പറഞ്ഞു. പ്രഭോ!ജീവനുള്ള ശില്പം ഉണ്ടാക്കാൻ വലിയൊരു പാത്രം നിറയെ കണ്ണുനീർ വേണം. പാത്രം അടിയൻ കൊണ്ടുവന്നിട്ടുണ്ട്. അതുകേട്ട് രാജാവ് വേഗം ഉത്തരവിട്ടു. ആരെവിടെ! നീ അവരെ മുഴുവൻ വിളിച്ച് കണ്ണുനീർ എടുക്കു. അങ്ങനെ കൊട്ടാരം മുറ്റത്തെ പാത്രത്തിനു ചുറ്റും നൂറുകണക്കിനു പേർ എത്തി. ഭടന്മാർ അവരെ കരയിക്കാൻ ആയി അടിയും തുടങ്ങി. കരഞ്ഞാൽ അല്ലേ കണ്ണുനീർ വരൂ. അതോടെ നാട്ടുകാർക്കു ദേഷ്യമായി. അപ്പോൾ രാമൻ പറഞ്ഞു ചങ്ങാതിമാരെ കണ്ണുനീർ കിട്ടിയാൽ ഒന്നും ജീവനുള്ള ശില്പം ഉണ്ടാക്കാൻ പറ്റില്ല. എന്റെ ജീവൻ രക്ഷിക്കാനുള്ള സൂത്രമായിരുന്നു എല്ലാം . അതുകേട്ടതും നാട്ടുകാർ ഒന്നടങ്കം കൊട്ടാരത്തിലേക്ക് ഇരച്ചുകയറി. പേടിച്ചുപോയ രാജാവ് അവരോടു ക്ഷമ ചോദിച്ചു. രാംലാലിന് ധാരാളം സമ്മാനങ്ങൾ കൊടുക്കുകയും ചെയ്തു.



ജിഷ്ണു ഇ.സി
IX-B

# പുതുവൽസരാശംസകൾ


രണ്ടായിരത്തിപ്പതിനെട്ട് പോവുന്നു
നാശം വിതച്ചിട്ട് കേരളത്തിൽ;
നിപ്പയെന്നുള്ളൊരു രോഗം പിടിപെട്ടോ-
രൊട്ടുമുക്കാലും മരിച്ചുവല്ലോ!

കാലവർഷമതങ്ങെത്തിയ നേരത്തി-
ലുരുൾപൊട്ടലിൽ പെട്ട രണ്ടുവീട്ടി-
ലുള്ളവരെല്ലാരും, കാലപുരിക്കുപോയ്
മറ്റൊരു ദുരിതവും വന്നുപെട്ടു.

തീർന്നില്ല ദുരിതങ്ങൾ, കാലവർഷമത്
ശക്തിയായെത്തിയ നേരത്തില്
അണകൾ തുറന്നും, പ്രളയവും വന്നിട്ട്
കേരളമാകെ നശിച്ചുപോയി.

ശബരിമലയിലും, നാശം വിതച്ചിതാ
രാഷ്ട്രീയക്കാരുമിറങ്ങിയല്ലോ!
ഇങ്ങനെയപ്പാടെ നാശം വിതച്ചിതാ
പതിനട്ടതങ്ങനെ പോയിടുന്നു.

ചൊവ്വാഴ്ച്ചയെത്തുന്ന പുതുവൽസര-
മത് രണ്ടായിരത്തിപ്പത്തൊൻപത്
രവിതൻ പ്രകാശപ്പുലരിയിൽ ചൊവ്വാഴ്ച്ച
ചൊവ്വോടെയെത്തട്ടെ പുതുവൽസരം.



അഭിനവ്.എസ്
IX-B

## യാത്രവിവരണം




# എന്റെ കൽക്കത്ത യാത്ര

2015 ഒക്ടോബറിലെ അവസാനത്തെ ആഴ്ച ആയിരുന്നു ഞങ്ങളുടെ കൽക്കത്തയിലേക്ക് ഉള്ള യാത്ര . എൻറെ അമ്മ ,പപ്പ ,അനിയത്തി എന്നിവരും എനിക്കേറ്റവും പ്രിയപ്പെട്ട ഞാൻ അങ്കിൾ എന്നു വിളിക്കുന്ന ഞാൻ പഠിച്ച എൽപി സ്കൂളിലെ പ്രിൻസിപ്പലും ഭാര്യ ഷൈലജ ആൻറിയും മലയാളം പഠിപ്പിച്ച അനിത ടീച്ചറും ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു കോഴിക്കോട് നിന്നും 5:20 ന് ഉള്ള ചെന്നൈ എക്സ്പ്രസിൽ ആണ് ഞങ്ങൾ യാത്രതിരിച്ചത്. എൻറെ മനസ്സിൽ വളരെ സന്തോഷമായിരുന്നുകാരണം ചെന്നൈ എന്നൊക്കെ പറഞ്ഞു കേട്ടിട്ടുണ്ടെങ്കിലും അത് കാണാൻ കഴിയുമല്ലോ എന്നായിരുന്നു മനസ്സിൽ . ഓടിമറയുന്ന മരങ്ങളും ബിൽഡിംഗുകളും എനിക്ക് സന്തോഷം തന്നു . ഓരോ സ്റ്റേഷനിൽ വണ്ടി നിർത്തുമ്പോഴും ഞാൻ ആകാംഷയോടെ പുറത്തേക്ക് നോക്കിക്കൊണ്ടിരുന്നു . വീട്ടിൽനിന്നും കൊണ്ടുപോയ ഭക്ഷണം കഴിച്ച് ഞാൻ ഉറങ്ങാൻ കിടന്നു . രാവിലെ ഏകദേശം ആറ് മണിയോടെ ഞങ്ങൾ ചെന്നൈയിൽ ഇറങ്ങി . ബ്രിട്ടീഷുകാരുടെ കാലത്ത് പണിത ആ റെയിൽവേ സ്റ്റേഷൻ വളരെ മനോഹരമായിരുന്നു . ബ്രേക്ക്ഫാസ്റ്റ് കഴിച്ച ശേഷം ഏകദേശം എട്ടു മണിയോടെ ഹൗറാ എക്സ്പ്രസിൽ കയറി .

എസി കോച്ചിൽ ആയിരുന്നു ഞങ്ങളുടെ യാത്ര . ഞങ്ങളുടെ അടുത്ത സീറ്റിൽ കണ്ണൂരിൽനിന്നു കയറിയ പട്ടാളക്കാർ ഉണ്ടായിരുന്നു . അവർ കാശ്മീരിലേക്ക് ആയിരുന്നു . അവിടുത്തെ ക്യാമ്പിലെ വിശേഷങ്ങൾ

ഞങ്ങളോട് പറയുകയുണ്ടായി . ആന്ധ്ര ഒറീസ തുടങ്ങിയ സംസ്ഥാനങ്ങൾ കടന്നുപോകുമ്പോൾ നെൽപ്പാടങ്ങളും ,ഗോതമ്പ് വയലുകളും ധാരാളം കാണാനിടയായി . ഇന്ത്യയിലെ ഏറ്റവും വലിയ സ്റ്റീൽ പാലം എന്നറിയപ്പെടുന്ന ഹൗറ ബ്രിഡ്ജ് ഞാൻ കണ്ടു . മനസ്സിൽ നിന്നും മായാത്ത കാഴ്ചകൾ ആയിരുന്നു അത് . പിറ്റേദിവസം പകൽ12 മണിയോടെ കൽക്കത്തയിലെത്തി .അവിടെ എത്തിച്ചേർന്നപ്പോൾ എന്നെ ആകർഷിച്ചത് റോഡിലൂടെ പോകുന്ന ട്രെയിനും കാറിനുമുകളിൽ പുല്ല് വച്ചുപിടിപ്പിച്ചതും കണ്ടു . ചായകുടിക്കാൻ ചെറിയ മൺചിരാത് ആണ് ഉപയോഗിക്കുന്നത് . രാത്രി 12 മണിയോടെ ഞങ്ങൾ ടൗൺ കാണാനിറങ്ങി . പൂജാ സമയമായിരുന്നു . പുലർച്ചെ നാലുമണിവരെ ഞങ്ങൾ കൽക്കത്ത നഗരം ചുറ്റി കറങ്ങി . നമ്മുടെ നാട്ടിൽ വന്ന് ജോലിചെയ്യുന്ന ബംഗാളികൾ ഈ ആഘോഷങ്ങൾക്ക് വേണ്ടി മാത്രമാണ് ഇത്രയും പൈസ ചെലവാക്കുന്നത് എന്ന് ഈ ആഘോഷങ്ങൾ കണ്ടാൽ തോന്നിപ്പോകും . ദീപങ്ങൾ കൊണ്ട് അലങ്കരിച്ച ആ മനോഹരമായ കാഴ്ച ജീവിതത്തിലൊരിക്കലും എനിക്ക് മറക്കാനാവില്ല . കൂടാതെ കൽക്കത്തയിലെ പ്രശസ്തമായ വിക്ടോറിയ പാലസും സയൻസ് സിറ്റിയും കണ്ടു .ഒരാഴ്ചയ്ക്കുശേഷം ഞങ്ങൾ അവിടെനിന്നും മടങ്ങി . ആറാം ക്ലാസിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ ആയിരുന്നു കൽക്കത്തയിൽ പോയത്. ആ മഹാനഗരം കാണാൻ വീണ്ടും ഒരിക്കൽക്കൂടി ഞാൻ പോകണം ആഗ്രഹം സഫലമാകും എന്ന വിശ്വാസത്തോടെ .



അബിൽ കാർത്തിക് . ബി

IX . A

# കറുത്ത രാത്രി നിലാവിന്റരാത്രി

പകലിൽ വെളിച്ചം മായവേ
നക്ഷത്രങ്ങളുടെ തിളക്കമേകവേ
ഇരുണ്ട രാത്രിക്ക് നടുവിൽ ഞാൻ
നിലാവിൽ ശോഭയെ ന്തി നിൽക്കും
അമ്പിളി എന്നെ നോക്കി പുഞ്ചിരിക്കുകവെ
എന്തെന്നില്ലാത്ത ആഹ്ലാദ മേന്തിഎന്നിൽ,
തിളങ്ങും കണ്ണുമായി നിൽക്കും മൂങ്ങേ
രാത്രിതൻ ആകാശത്തിൽ പറന്നുപോയോ
ക്ഷീണിച്ചു നിൽക്കും ആൺ മരമേ
ക്ഷീണിതർക്കുതൻ നീ ആശ്രയമായി
വണങ്ങുന്ന ഞാൻ നിൻ ശോഭയെ
വിണ്ണിൽ ഇന്നുനീ തണലായി നിൽക്കവേ
മിന്നിത്തിളങ്ങും മിന്നാമിന്നിയെ
എവിടെപ്പോയി  നിൻ കൂട്ടുകാർ
സന്ധ്യക്കായി വിളക്കേകിടും സ്ത്രീകൾ
വരവേൽക്കുന്ന രാത്രിയെ
കറുത്ത രാത്രിതൻ ശോഭയിൽ
മയങ്ങുന്ന ക്ഷീണിതൻ കർഷകൻ
ലോകർകൊരു ആശ്രയമായി
ഞങ്ങൾളെന്നും വിസ്മയിക്കുന്ന നിൻശോഭയെ

---



അഭിലാൽ . വി

X-A

# എസ്. എൽ. വി.



**എസ്. എൽ. വി.(സാറ്റലൈറ്റ് ലൗഞ്ച് വെഹിക്കിൾ)** 1970 ൽ ഇന്ത്യയിലെഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ ഉപഗ്രഹങ്ങൾ വിക്ഷേപിക്കാൻ വേണ്ട സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കാൻ തുടങ്ങിയ പ്രൊജക്റ്റ് ആയിരുന്നു. എ. പി. ജെ. അബ്ദുൽ കലാം ആയിരുന്നു ഈ പ്രൊജക്റ്റിന്റെ തലവൻ. 40 കിലോഗ്രാം ഭാരം 400 കി. മീ. ഉയരത്തിലെത്തിക്കുകയാണ് എസ്. എൽ. വി. ലക്ഷ്യം വച്ചത്. 1979 ആഗസ്റ്റിൽ നടന്ന ആദ്യ എസ്. എൽ. വി. ദൗത്യം ഭാഗികമായേ വിജയിച്ചുള്ളൂ. അത് 4 ഘട്ടമുള്ള ഖര ഇന്ധനം മാത്രം ഉപയോഗിക്കുന്ന മോട്ടോറുള്ള റോക്കറ്റായിരുന്നു.

1979 ആഗസ്റ്റ് 10 ന ശ്രീഹരിക്കോട്ടയിൽ നിന്നായിരുന്നു എസ്. എൽ. വി. യുടെ ആദ്യ വിക്ഷേപണം. 1983 ഏപ്രിൽ 17 നായിരുന്നു നാലാമത്തെയും അവസാനത്തെയും എസ്. എൽ. വി. യുടെ വിക്ഷേപണം.

| Flight | Launch date/time (UTC) | Launch pad | Payload | Payload mass | Result |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| E1 | 10 August 1979 | SLV Launch Pad | Rohini Technology Payload | 35 kg | Failure |
| | Faulty valve caused vehicle to crash into the Bay of Bengal 317 seconds after launch | | | | |
| E2 | 18 July 1980 02:33 | SLV Launch Pad | Rohini RS-1 | 35 kg | Success |
| D1 | 31 May 1981 | SLV Launch Pad | Rohini RS-D1 | 38 kg | Failure |
| | Placed into an unusable low orbit,decayed after 9 days | | | | |
| D2 | 17 April 1983 | SLV Launch Pad | Rohini RS-D2 | 41.5 kg | Success |

## സാറ്റലൈറ്റ് ലൗഞ്ച് വെഹിക്കിൾ



Satellite Launch Vehicle

| | |
|---|---|
| കൃത്യം | Small launch vehicle |
| നിർമ്മാതാവ് | ISRO |
| രാജ്യം | India |
| **Size** | |
| ഉയരം | 22 metres (72 ft) |

| | |
|---|---|
| വ്യാസം | 1 metre (3.3 ft) |
| ദ്രവ്യം | 17,000 kilograms (37,000 lb) |
| **പേലോഡ് വാഹനശേഷി** | |
| **Payload to 400km LEO** | 40 kilograms (88 lb) |
| **ബന്ധപ്പെട്ട റോക്കറ്റുകൾ** | |
| **Derivatives** | ASLV, PSLV |
| **വിക്ഷേപണ ചരിത്രം** | |
| സ്ഥിതി | Retired |
| വിക്ഷേപണത്തറകൾ | Sriharikota |
| മൊത്തം വിക്ഷേപണങ്ങൾ | 4 |
| വിജയകരമായ വിക്ഷേപണങ്ങൾ | 2 |
| പരാജയകരമായ വിക്ഷേപണങ്ങൾ | 1 |
| പൂർണ്ണവിജയമല്ലാത്ത വിക്ഷേപണങ്ങൾ | 1 |
| ആദ്യ വിക്ഷേപണം | 10 August 1979 |
| അവസാന വിക്ഷേപണം | 17 April 1983 |
| ശ്രദ്ധേയമായ പേലോഡുകൾ | Rohini |
| **First സ്റ്റേജ്** | |
| എഞ്ചിനുകൾ | 1 solid |
| തള്ളൽ | 502.6 kilonewtons (113,000 lbf) |
| **Specific impulse** | 253 sec |
| **Burn time** | 49 seconds |
| ഇന്ധനം | Solid |
| **Second സ്റ്റേജ്** | |
| എഞ്ചിനുകൾ | 1 solid |
| തള്ളൽ | 267 kilonewtons (60,000 lbf) |
| **Specific impulse** | 267 sec |
| **Burn time** | 40 seconds |
| ഇന്ധനം | Solid |
| **Third സ്റ്റേജ്** | |
| എഞ്ചിനുകൾ | 1 solid |
| തള്ളൽ | 90.7 kilonewtons (20,400 lbf) |
| **Specific impulse** | 277 sec |
| **Burn time** | 45 seconds |
| ഇന്ധനം | Solid |
| **Fourth സ്റ്റേജ്** | |
| എഞ്ചിനുകൾ | 1 solid |

| | |
|---|---|
| തള്ളൽ | 26.83 kilonewtons (6,030 lbf) |
| Specific impulse | 283 sec |
| Burn time | 33 seconds |
| ഇന്ധനം | Solid |



ഹിദുദാസ് .പി.പി

IX-A



# എ.പി.ജെ. അബ്ദുൽ കലാം

ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയായിരുന്നു(2002-2007) **അവുൽ പകീർ ജൈനുലബ്ദീൻ അബ്ദുൽ കലാം** എന്ന **ഡോ. എ.പി.ജെ. അബ്ദുൽ കലാം** (1931) ഒക്ടോബർ 15 – 2015 ജൂലൈ 27). പ്രശസ്തനായ മിസൈൽ സാങ്കേതികവിദ്യാവിദഗ്ധനും എഞ്ചിനീയറുമായിരുന്ന ഇദ്ദേഹം. തമിഴ്നാട്ടിലെ രാമേശ്വരത്ത്ജനിച്ച ഇദ്ദേഹം ബഹിരാകാശ എൻജിനീയറിംഗ് പഠനത്തിന് ശേഷം പ്രതിരോധ ഗവേഷണ വികസന കേന്ദ്രം (DRDO), ബഹിരാകാശഗവേഷണകേന്ദ്രം(ISRO)തുടങ്ങിഗവേഷണസ്ഥാപനങ്ങളിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചിരുന്നു. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിളിന്റേയും, ബാലിസ്റ്റിക് മിസൈലിന്റേയും വികസനത്തിനും ഏകോപനത്തിനും മറ്റും അബ്ദുൾകലാം വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. മിസ്സൈൽസാങ്കേതികവിദ്യയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ കണക്കിലെടുത്ത് 'ഇന്ത്യയുടെ മിസ്സൈൽ മനുഷ്യൻ' എന്ന് കലാമിനെ വിശേഷിപ്പിക്കാറുണ്ട്

## BOOKS

- Wings of Fire
- Ignited Minds
- The Luminous Sparks
- Mission India
- Inspiring Thoughts


- Indomitable Spirit
- Envisioning an Empowered Nation
- You Are Born To Blossom
- Turning Points
- Target 3 Billion
- My Journey
- A Manifesto for Change
- Forge your Future
- Reignited
- Transcendence
- Advantage India

## BIOGRAPHY

- Eternal Quest
- President A P J Abdul Kalam
- A P J Abdul Kalam
- A Little Dream (documentary film)
- The Kalam Effect
- My Days With Mahatma Abdul Kalam

## AWARDS

| Year of award or honour | Name of award or honour | Awarding organisation |
|---|---|---|
| 1981 | Padma Bhushan | Government of India |
| 1990 | Padma Vibhushan | Government of India |
| 1994 | Distinguished Fellow | Institute of Directors (India) |
| 1995 | Honorary Fellow | National Academy of Medical Sciences |
| 1997 | Indira Gandhi Award for National Integration | Indian National Congress |
| 1997 | Bharat Ratna | Government of India |
| 1998 | Veer Savarkar Award | Government of India |
| 2000 | Ramanujan Award | Alwars Research Centre, Chennai |
| 2007 | Honorary Doctorate of Science and Technology | Carnegie Mellon University |
| 2007 | King Charles II Medal | Royal Society, UK |
| 2007 | Honorary Doctorate of Science | University of Wolverhampton, UK |
| 2008 | Doctor of Engineering (Honoris Causa) | Nanyang Technological University, Singapore |
| 2008 | Doctor of Science (Honoris Causa) | Aligarh Muslim University, Aligarh |
| 2009 | Honorary Doctorate | Oakland University |
| 2009 | Hoover Medal | ASME Foundation, USA |
| 2009 | International von Kármán Wings Award | California Institute of Technology, USA |
| 2010 | Doctor of Engineering | University of Waterloo |
| 2011 | IEEE Honorary Membership | IEEE |
| 2012 | Doctor of Laws (Honoris Causa) | Simon Fraser University |
| 2013 | Von Braun Award | National Space Society |
| 2014 | Doctor of Science | Edinburgh University, UK |


"Don't take rest
after your
FIRST VICTORY
because if you fail
in second, more
lips are waiting
to say that your
first victory
was just LUCK"



**ജിഷ്ണു ഇ.സി**


**IX-B**




# സ്റ്റീഫൻ ഹോക്കിങ്

വിഖ്യാതനായ ബ്രിട്ടീഷ് ഭൗതികശാസ്ത്രജ്ഞനാനായിരുന്ന **സ്റ്റീഫൻ വില്യം ഹോക്കിങ്ങ്** (8 ജനുവരി 1942-14 മാർച്ച് 2018). നക്ഷത്രങ്ങൾ നശിക്കുമ്പോൾ രൂപം കൊള്ളുന്ന തമോഗർത്തങ്ങളെക്കുറിച്ച് ഇന്ന് ലഭ്യമായ വിവരങ്ങളിൽ പലതും ഇദ്ദേഹത്തിന്റെ ഗവേഷണങ്ങളിലൂടെ ഉരുത്തിരിഞ്ഞതാണ്. ബ്രിട്ടനിലെ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ പ്രപഞ്ച ശാസ്ത്രവിഭാഗത്തിലെ ഡയറക്ടറായിരുന്ന അദ്ദേഹം.കാലത്തിന്റെ ഒരു സംക്ഷിപ്ത ചരിത്രം എന്ന പ്രശസ്തമായ ശാസ്ത്രഗ്രന്ഥം രചിച്ചത് ഇദ്ദേഹമാണ്. 1966–ൽ ഡോക്ടറേറ്റ് നേടിയ സ്റ്റീഫൻ ഹോക്കിങ് ആ വർഷം തന്നെ റോജർ പെൻറോസുമായി ചേർന്ന് ‘സിൻഗുലാരിറ്റീസ് ആൻഡ് ദ ജോമട്രി ഓഫ് സ്പേസ്-ടൈം' എന്ന പേരിൽ എഴുതിയ പ്രബന്ധത്തിനു വിഖ്യാതമായ ആദംസ് പ്രൈസ് ലഭിച്ചിരുന്നു. കേംബ്രിഡ്ജ് സർവ്വകലാശാലയിലെ ഗണിത ശാസ്ത്ര ലൂക്കാച്ചിയൻ പ്രൊഫസർ എന്ന ഉന്നത പദവി മൂന്നു പതിറ്റാണ്ടുകൾ അദ്ദേഹം വഹിച്ചിരുന്നു.

**സ്റ്റീഫൻ ഹോക്കിങ്ങ്**


സ്റ്റീഫൻ വില്യം ഹോക്കിങ്ങ്

| | |
|---|---|
| **ജനനം** | 1942 ജനവരി 8<br>ഓക്സ്ഫോർഡ്, ഇംഗ്ലണ്ട് |
| **മരണം** | 2018 മാർച്ച് 14 (പ്രായം 76)<br>കേംബ്രിഡ്ജ്, ഇംഗ്ലണ്ട് |
| **താമസം** | യു.കെ. |
| **ദേശീയത** | ബ്രിട്ടീഷ് |
| **മേഖലകൾ** | ഗണിതശാസ്ത്രം<br>ഭൗതികശാസ്ത്രം<br>ജ്യോതിശാസ്ത്രം |
| **സ്ഥാപനങ്ങൾ** | കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി |
| **ബിരുദം** | University of Oxford<br>University of Cambridge |
| **ഡോക്ടറേറ്റിനുള്ള ഉപദേശകൻ** | Dennis Sciama |
| **ഗവേഷണവിദ്യാർത്ഥികൾ** | Bruce Allen<br>Fay Dowker<br>Malcolm Perry<br>Bernard Carr<br>Gary Gibbons |
| **അറിയപ്പെടുന്നത്** | തമോഗർത്തങ്ങളെക്കുറിച്ചുള്ള പഠനം<br>ക്വാണ്ടം ഗ്രുരുത്വം |
| **പ്രധാന പുരസ്കാരങ്ങൾ** | Prince of Asturias Award (1989)<br>Copley Medal (2006) |

# BOOKS

- A Brief History of Time.
- Black Holes and Baby Universes and Other Essays.
- The Universe in a Nutshell.
- On The Shoulders of Giants. The Great Works of Physics and Astronomy.
- The Grand Design written by physicists Stephen Hawking and Leonard Mlodinow.
- George's secret key to the universe



അഖിൻ പ്രവീൺ എ.കെ
IX-B



# സോഫിയ (റോബോട്ട്)

കൃത്രിമബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) സാങ്കേതികവിദ്യ അടിസ്ഥാനമാക്കി നിർമിച്ച യന്ത്രമനുഷ്യനാണ് **സോഫിയ.** സംസാരിക്കാനും വികാരങ്ങൾ പ്രകടിപ്പിക്കാനും കഴിവുള്ള ഹ്യൂമനോയ്ഡ് റോബോട്ടാണ് ഇത്. ഹാൻസൺ റോബോട്ടിക്സാണ് സോഫിയയുടെ നിർമാതാക്കൾ. ഒരു രാജ്യം പൗരത്വം നൽകുന്ന ആദ്യത്തെ റോബോട്ടാണ് സോഫിയ. സൗദിയിൽ നടക്കുന്ന ഭാവിനിക്ഷേപസംരംഭ സമ്മേളനത്തിൽ വച്ച് 2017 ഒക്ടോബർ 25 നാണ് സൗദി സർക്കാർ സോഫിയക്ക് പൗരത്വം നൽകിയത്.



**അശ്വിൻ . എം**

**IX-A**

# ജീവിതയാത്ര

മനസ്സിന്റെ മടക്കമില്ലാത്ത യാത്രകൾ
ഓർമ്മകളുടെ നിശബ്ദ സംഗീതം
ലോകത്തിന്റെ ഇരുൾപാതയിലൂടെ

എൻ കാലടിപ്പാതകൾ നടന്നകലുന്നു.
എന്തിനു വേണ്ടിയെന്നെനിക്കറിയില്ല
രക്തകറപുരണ്ട വിജനവീഥിയിലൂടെ

ഒരു നിശ്വാസം പോലെ -

ആരെയോ തേടിഞാൻ പോയിരുന്നു.
അന്ധകാരങ്ങൾ തുടച്ചുമാറ്റി
പൊൻകിരണങ്ങൾ വീണമീട്ടുന്ന

സ്വർഗ്ഗഭൂമിയിലെ ഒരു -

മൺതരിയാവാൻ ഞാൻ കൊതിച്ചു.
ഇരുട്ടിൻ മൂടുപടമണിഞ്ഞ
നനുത്ത പാതയിലൂടെഞാൻ
എങ്ങോട്ടെന്നില്ലാതെ നടന്നകന്നിരുന്നു
എന്തിനുവേണ്ടിയെന്നറിഞ്ഞില്ല
ഒരു വേനൽ മഴപോലെ
പുതുമണ്ണിൻ സൗഗന്ധികം പരത്തി
നക്ഷത്രത്തുള്ളികളായി

പേമാരിപോലെ ഞാൻ പെയ്തിറങ്ങി.
മനസ്സിൽ ആശ്വാസത്തിന്റെ നേർത്തകണികൾ
പുഷ്പ്പാർച്ചനകളായി മൺചിരാതിൽ
എരിയുന്ന തീനാളമായി

ഇന്നും പ്രകാശിക്കുന്നു ഞാൻ...


എന്തിനോവേണ്ടി വീണ്ടും-

ഞാൻ എൻ പുനർജന്മയാത്ര തുടരുന്നു....



പ്രിയ പ്രമോദ്

അധ്യാപിക





ജിഷ്ണു ഇ.സി
**IX-B**